## വളയം എം.എൽ.പി.സ്കൂൾ

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025_2026


VALAYAM MLP SCHOOL
DATE : ..............
P.O VALAYAM

REJEEVAN T.K
HEADMASTER
Valayam M.L.P. School
P.O Valayam

# വളയം എം.എൽ.പി സ്കൂൾ
# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-26

## ആമുഖം

2025-26 അധ്യയന വർഷത്തിൽ സ്കൂളിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും തുല്യതയും ഉന്നതിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടിയ തയ്യാറാക്കിയ കർമപദ്ധതിയാണിത്. ഓരോ കുട്ടിയുടെയും പഠനവിടവുകൾ കണ്ടെത്തി നികത്തുകയും, പഠന പ്രവർത്തനങ്ങൾ കൂടുതൽ ആസ്വാദ്യമാക്കുക, കുട്ടികളോടും അധ്യാപകരോടുമൊപ്പം രക്ഷിതാക്കളേയും പഠനപ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക എന്നതുകൂടി ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നു. ജൂൺ മാസം മുതൽ മാർച്ച് മാസം വരെ നീണ്ടുനിൽക്കുന്ന ഒരു പ്രവർത്തനപദ്ധതിയാണിത്.




# VALAYAM MLP SCHOOL
# ACADAMIC MASTER PLAN
# 2025-2026

## ലക്ഷ്യങ്ങൾ

* എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
* എല്ലാ കുട്ടികളെയും അവരുടെ ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവു നേടുമെന്ന് ഉറപ്പു വരുത്തുക.
* സന്ദർഭത്തിനനുസരിച്ച് ഓരോ കുട്ടിക്കും സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
* എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
* സ്വതന്ത്രമായ ലേഖനത്തിലേർപ്പെടുകയും വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കുകയും ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക.
* കുട്ടികളുടെ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണത്തിനുള്ള വേദി ഒരുക്കുക.
* ആശയഗ്രഹണത്തോടെ വായിക്കാനും എഴുതാനും കഴിവുണ്ടാക്കുക.
* ആശയങ്ങൾ, അറിവുകൾ, അനുഭവങ്ങൾ, മുന്നറിവുകൾ എന്നിവയുടെ വെളിച്ചത്തിൽ സർഗാത്മക രചനകളിൽ ഏർപ്പെടുന്നതിനും അവതരിപ്പിക്കുന്നതിനും

കഴിവുകളെ വരാക്കുക.

* മികച്ച ഭാഷയിൽ എഴുതുന്നതിനും ഒഴുക്കോടെ സ്വതന്ത്രവായന നടത്തുന്നതിനും കൃത്യമായ സന്ദർഭങ്ങളിൽ വേണ്ടവിധം ഭാഷാശൈലി പ്രയോഗിക്കുന്നതിനുമുള്ള പ്രാപ്തി നേടുക.
* കുട്ടികളിൽ സാമൂഹിക വികാസവിടവ് നിലനിൽക്കുന്ന പുതിയ സാഹചര്യത്തിൽ സംഘപ്രവർത്തനങ്ങൾ കളികൾ എന്നിവയിലൂടെ സാമൂഹികബോധം, സംഘബോധം, പങ്കിടൽ എന്നിവ വികസിപ്പിക്കൽ.

മലയാളം 1/6

പ്രവർത്തനം 1

പേര്: പുസ്തകം ചങ്ങാതി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക. | അധ്യാപകരും കുട്ടികളും വായിച്ച പുസ്തകത്തെക്കുറിച്ച് സ്കൂൾ അസംബ്ലിയിൽ പരിചയപ്പെടുത്തുന്നു. | ആഴ്ചയിൽ 2 ദിവസം. | വിദ്യാരംഗം | 1000 |

പ്രവർത്തനം 2

പേര്: പിറന്നാളിന് ഒരു പുസ്തകം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ക്ലാസ് ലൈബ്രറി വിപുലീകരണം | എല്ലാ ക്ലാസുകളിലും ലൈബ്രറിയിലേക്ക് പുസ്തകം ലഭ്യമാക്കാൻ കുട്ടികൾ അവരുടെ പിറന്നാളിന് പുസ്തകം സംഭാവന നൽകുന്നു. | ജൂൺ മുതൽ മാർച്ച് | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 3

പേര്: പത്രം വായിക്കാം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനാശീലം വളർത്തൽ | ദിവസവും ക്ലാസ്സുകളിൽ പത്രം വായിക്കാൻ അവസരം നൽകുന്നു. | ജൂൺ മുതൽ മാർച്ച് | ക്ലാസ് ടീച്ചർ | 5000 |

പ്രവർത്തനം 4:
പേര്: വായനാമൂല.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക. | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്സിലും വായനാമൂല ഒരുക്കുന്നു | ജൂൺ മുതൽ മാർച്ച് | ക്ലാസ് ടീച്ചർ | 2000. |

പ്രവർത്തനം 5:
പേര്: കൈയെഴുത്ത് കൃതികൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ഭാഷാശേഷികൾ ആവിഷ്കരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും | ഓരോ മാസത്തെയും പഠന പ്രവർത്തനങ്ങളിലെ മികച്ചവ ഉൾക്കൊള്ളിച്ച് ക്ലാസ് തല കൈയെഴുത്ത് സൃഷ്ടികൾ ഒരുക്കുന്നു. | എല്ലാ മാസവും | വിദ്യാർത്ഥി | 1000 |

പ്രവർത്തനം 6
പേര്: വായനാക്കുറിപ്പുകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ. | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളെ ഗൗരവപൂർണമായ വായനക്കും രചനകൾ ആസ്വദിക്കാനും അവസരം ലഭ്യമാക്കുന്നു | വായിച്ച പുസ്തകങ്ങളുടെ കുറിപ്പ് തയ്യാറാക്കുന്നു. | എല്ലാ മാസവും | വിദ്യാർത്ഥി | 1000 |

പ്രവർത്തനം 7
പേര്: ജ്യോതിസ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനത്തിലെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിൻ. | പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് ഉചിത പരിഗണന നൽകുന്നു. പിന്നാക്കാവസ്ഥ പരിഹരിക്കുന്നു. | ലക്ഷ്യ പ്രാപ്തി വരെ | | |

പ്രവർത്തനം 8
പേര്: അഷിക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷയിലെ വിവിധ ആശയവിനിമയ രൂപങ്ങൾ മനസ്സിലാക്കുക. ഭാഷാ നൈപുണി ഉടമ ആകുക. | കവിത ചൊല്ലൽ, കഥ പറയൽ, പ്രസംഗം തുടങ്ങിയവയിലൂടെ കുട്ടികളെ ഭാഷാമികവ് അവതരിപ്പിക്കുന്നു. | | | |

# ഇംഗ്ലീഷ്.

പ്രവർത്തനം 1.
പേര്: ഇംഗ്ലീഷ് ഡയറി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന്. | ഓരോ ദിവസവും കുട്ടികൾ അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | ജൂൺ മുതൽ മാർച്ച് | ക്ലാസ് ടീച്ചർ | |

പ്രവർത്തനം 2.
പേര്: ഇംഗ്ലീഷ് അസംബ്ലി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരിക്കൽ കുട്ടികളുടെ അസംബ്ലിയിലെ പരിപാടികൾ ഇംഗ്ലീഷിൽ നടത്തുന്നു. | ജൂൺ മുതൽ മാർച്ച് | ഇംഗ്ലീഷ് ടീച്ചർ | |

പ്രവർത്തനം 3.
പേര്: നിർമ്മാണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾക്കുള്ള വായനാ സാമഗ്രികൾ ലഭ്യമാക്കുന്നതിന് | രക്ഷിതാക്കളെ പങ്കെടുപ്പിച്ച് കുട്ടികൾക്കുള്ള വായനാ സാമഗ്രികൾ നിർമ്മിക്കുന്നു | ജൂലൈ | ഇംഗ്ലീഷ് ക്ലബ്ബ് | 3000 |

# ഗണിതം.

പ്രവർത്തനം 1:
പേര്: ഗണിത ലാബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത പഠനം ആയാസരഹിതവും സുന്ദരവുമാക്കാൻ | ഗണിത ക്ലാസ്സ്മുറിയിലേക്ക് ആവശ്യമായ എല്ലാ പഠനസാമഗ്രികളും കൈയെത്തും ദൂരത്ത് ലഭ്യമാക്കുക. | ജൂലൈ | ഗണിത ക്ലബ്ബ് | 2000 |

പ്രവർത്തനം 2
പേര്: വർക്ക്ഷീറ്റ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മുഴുവൻ ഗണിതാശയങ്ങളും എല്ലാ കുട്ടികളിലും എത്തിക്കുക. | എല്ലാ ക്ലാസ്സുകളിലേക്കും ആവശ്യമായ വർക്ക്ഷീറ്റുകൾ നിർമ്മിക്കുക | | ക്ലാസ് ടീച്ചർ | 5000/ |

പ്രവർത്തനം 3
പേര്: ഗണിതകേളി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പിക്കാൻ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഒരു കവചം പദ്ധതി ആസൂത്രണം ചെയ്യുന്നു. | [illegible] | ക്ലാസ് ടീച്ചർ | 2000 |

പ്രവർത്തനം 4

പേര്: സുന്ദരഗണങ്ങൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ടാൻഗ്രാം പസിൽ പരിജ്ഞാനം നേടൽ | ടാൻഗ്രാം പസിൽ നിർമ്മിക്കാനാവശ്യമായ ജ്യാമിതീയ രൂപങ്ങൾ വെട്ടിയെടുക്കുന്നു. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു | ആഗസ്റ്റ് | ഗണിത ക്ലബ്ബ് | 3000 |

# പരിസര പഠനം.

പ്രവർത്തനം 1.
പേര്: ലാബ് ഒരുക്കാം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ശാസ്ത്രക്ലാസിലെ പ്രവർത്തനങ്ങൾ ലളിതമാക്കൽ. | ഓരോ ക്ലാസിനും അനുയോജ്യമായ സാധനസാമഗ്രികൾ കണ്ടെത്തുക, ശേഖരിച്ച് ശാസ്ത്ര ലാബ് ഒരുക്കുന്നു | ജൂലൈ | സയൻസ് ക്ലബ് | 3000 |

പ്രവർത്തനം 2
പേര്: പരീക്ഷണങ്ങൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ശാസ്ത്രപഠനത്തിൽ താല്പര്യം ഉളവാക്കുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം വികസിപ്പിക്കുക | കുട്ടികൾ വിവിധ പരീക്ഷണങ്ങൾ നടത്തി കാര്യങ്ങൾ കണ്ടെത്തുന്നു. പരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു. | ആവശ്യാനുസരണം | സയൻസ് ക്ലബ് | 2000 |

പ്രവർത്തനം 3.
പേര്: നിരീക്ഷിക്കാം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| പരിസരത്തെ സസ്യങ്ങളും ജന്തുക്കളെയും പഠിക്കുന്നതിന്. | കുട്ടികളെ പരിസര നിരീക്ഷണത്തിനായി ഫീൽഡ് ട്രിപ്പ് നടത്തുന്നു. | പാഠാനുസരണം | ക്ലാസ് ടീച്ചർ | - |